**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3278** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഭാഷാ അധ്യാപക പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | യു.പി.എസ്.ടി, എൽ.പി.എസ്.ടി വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന എത്ര പാർട്ട് ടൈം ഭാഷാ അധ്യാപകർ (അറബിക്, ഉർദ്ദ, സംസ്കൃതം) -ക്ക് പ്രൊബേഷൻ കാലാവധിക്ക് ശേഷം ഫുൾടൈം തസ്തികയിലേക്ക് പ്രമോഷൻ നൽകിയിട്ടുണ്ടെന്ന് വർഷം, ജില്ല, ഭാഷ എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | എച്ച്.എസ്.ടി വിഭാഗത്തിൽ പാർട് ടൈം തസ്തികയിൽ ജോലി ചെയ്യുന്ന എത്ര ഭാഷാ അധ്യാപകർ (അറബിക്, ഉർദ്ദ, സംസ്കൃതം) പ്രൊബേഷൻ കാലാവധി കഴിഞ്ഞ് പ്രമോഷന് വേണ്ടി കാത്തിരിക്കുന്നുണ്ടെന്ന് ജില്ലയും വിഭാഗവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | പ്രൊബേഷൻ കാലാവധി കഴിഞ്ഞ എച്ച്.എസ്.ടി. വിഭാഗത്തിലെ പാർട് ടൈം അറബിക് അധ്യാപകർക്ക് എന്തുകൊണ്ടാണ് പ്രമോഷൻ നൽകാത്തതെന്ന് വിശദമാക്കുമോ; | (സി) | പ്രൊബേഷൻ കാലാവധി പൂർത്തിയാക്കി എന്ന കാരണം മാത്രം പരിഗണിച്ച് പ്രൊമോഷൻ നൽകാൻ കഴിയുന്നതല്ല. പാർട് ടൈം വിഭാഗത്തിലെ അധ്യാപകർക്ക് സംയോജിത സീനിയോരിറ്റി ലിസ്റ്റ് പരിഗണിച്ചാണ് പ്രൊമോഷൻ നൽകേണ്ടതെന്ന് 30-03-1996-ലെ G.O(Ms)139/1996/GEDN ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒഴിവ് ലഭ്യമാകുന്ന മുറയ്ക്കാണ് അധ്യാപകർക്ക് പ്രമോഷൻ നൽകിവരുന്നത്. |
| (ഡി) | ഇത്തരം അധ്യാപകർക്ക് പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (ഡി) | ഒഴിവ് ലഭ്യമാകുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ